# 2

# ബൈബിൾ, ദൈവവചനം

ബൈബിൾ ദൈവശ്വാസീയമാണെന്ന് അവകാശപ്പെടുന്നു (2 തിമൊഥെയൊസ് 3:16, 17). ഗ്രീക്ക് പദപ്രയോഗം തർജ്ജിമ ചെയ്തത് "ദൈവശ്വാസീയം" എന്നതിന്റെ അക്ഷരിക അർത്ഥം "ദൈവം - ശ്വസിച്ച" എന്നാണ്. തത്വങ്ങളും സംഭവങ്ങളും - വ്യത്യസ്തത നല്കി പ്രചോദിപ്പിച്ച് "ശ്വാസീയമായി" എഴുതിയ പല ഭൗതികമായ എഴുത്തുകാരും ഉണ്ടായിട്ടുണ്ട് - എന്നാൽ *ദൈവമാണ്* ശ്വാസീയതയുടെ ഉറവിടം എന്ന് ബൈബിൾ ഊന്നി പറയുന്നു. അപ്പൊസ്തലനായ, പത്രോസും പല പുതിയ നിയമ എഴുത്തുകാരും, ബൈബിൾ പ്രവചനങ്ങൾ "മനുഷ്യന്റെ ഇഷ്ടത്താൽ വന്നതല്ല, ദൈവകല്പനയാൽ മനുഷ്യർ പരിശുദ്ധാത്മ നിയോഗം പ്രാപിച്ചിട്ട് സംസാരിച്ചതത്രേ" (2 പത്രോസ് 1:21).

ഈ ദൈവശ്വാസീയ പുസ്തകത്തെ നിങ്ങൾക്ക് പരിചയപ്പെടുത്തുക എന്നതാണ് ഈ പാഠത്തിന്റെ ഉദ്ദേശം. ബൈബിളിന്റെ ദൈവിക ഉല്പത്തിയെക്കുറിച്ചുള്ള ചില തെളിവുകളും ഉൾപ്പെടുത്തിയിട്ടുണ്ട്, എന്നാൽ ഈ അദ്ധ്യായത്തിന്റെ പ്രാഥമിക ലക്ഷ്യം ഈ വിസ്മയാവഹ വാല്യത്തിൽ താല്പര്യം ജനിപ്പിക്കുകയും - നിങ്ങളെ സ്വയമായി വായിക്കുവാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതാണ്. നിങ്ങൾ ബൈബിളും അതിലെ കർമ്മോദ്ദേശവും വായിക്കുമ്പോൾ (യാക്കോബ് 1:21–25), വർഷങ്ങളായി ഈ പുസ്തകം അനേകമാളുകളിൽ സ്വാധീനം ചെലുത്തുന്നത് എന്തുകൊണ്ടാണെന്ന് നിങ്ങൾ മനസ്സിലാക്കും.

ഈ അദ്ധ്യായഘടനകളെ ഒരു എഴുത്തുകാരൻ പറഞ്ഞത് "അത്ഭുതലോകത്തിന്റെ ഏഴ് അത്ഭുതങ്ങൾ," ഈ പുരാതനത്വത്തിന്റെ, ആധുനികതയുടെ, വ്യത്യസ്തതയുടെ, ഐക്യതയുടെ,

വിഷയം, സ്വാധീനം, ആശ്വാസം എന്നിവയാണ്. ബൈബിളിലെ മറ്റ് അത്ഭുതങ്ങൾ പറയാവുന്നവ, ചരിത്രപരവും ഭൂമിശാസ്ത്രപരവുമായ കൃത്യതയും അതിന്റെ പക്ഷഭേദമില്ലായ്മയും ആണ്, എന്നാൽ ഈ ഏഴ് അത്ഭുതങ്ങൾ മതിയാകും സങ്കീർത്തനക്കാരന്റെ എഴുത്തുകളോട് യോജിക്കുവാൻ, "നിന്റെ സാക്ഷ്യങ്ങൾ അതിശയകരമാകയാൽ എന്റെ മനസ്സ് അവയെ പ്രമാണിക്കുന്നു!" (സങ്കീർത്തനങ്ങൾ 119:129).

## അതിന്റെ പുരാതനത്വം

ലോകത്തിൽവെച്ച് ഏറ്റവും പുരാതനമായ പുസ്തകങ്ങളിലൊന്നാണ് ബൈബിൾ! പുസ്തകങ്ങൾക്ക് സാധാരണ സുദീർഘകാല പ്പഴക്കം ഉണ്ടാകാറില്ല. അവ ദുർബലമാണ്. തീ അവയെ ദഹിപ്പിക്കും, വെള്ളം അവയെ ലയിപ്പിക്കും. പ്രാണികൾ അവയെ തിന്നുകയും ശ്രദ്ധയില്ലാത്ത വിരലുകൾ അവയെ കീറുകയും ചെയ്യുന്നു.

ബൈബിൾ, അതിന്റെ പൂർണ്ണ രൂപത്തിൽ, രണ്ടായിരം വർഷമായിട്ടുണ്ട്. അതിന്റെ ഭാഗങ്ങൾ മുഴുവനായും രണ്ടിരട്ടി പഴക്കമുള്ളവയാണ്. ഈ രീതിയിൽ താരതമ്യം ചെയ്യാവുന്ന ഒരു പുസ്തകവും ലോകത്തിലില്ല! ബൈബിളിന്റെ കാലം വെളിപ്പെടുത്തുന്നത് അതിന്റെ കാലദൈർഘ്യത്തേയും അക്ഷയതയേയുമാണ്.

പുരാതന എഴുത്തുകളിൽ അധികവും പഴയ നിയമത്തിലാണുള്ളത്: ഉല്പത്തി, പുറപ്പാട്, ലേവ്യാപുസ്തകം, സംഖ്യാപുസ്തകവും ആവർത്തനപുസ്തകവും. അവ മൊശെയാൽ എഴുതപ്പെട്ടതും മനുഷ്യന്റെ ഉത്ഭവവും രേഖപ്പെടുത്തിയ സമയത്തിന്റെ ആരംഭദിവസങ്ങളും അടങ്ങുന്നതാണ് വിവരണം. *ഇന്ന് മനുഷ്യന്റെ കൈവശമുള്ള ഏറ്റവും പുരാതനമായ കൈയ്യെഴുത്തുപ്രതികളിൽ നിന്നും വന്നതാണ് ഈ എഴുത്തുകൾ!*

മനുഷ്യൻ അത് നിരന്തരമായി നശിപ്പിക്കുവാൻ ശ്രമിച്ചിട്ടും ബൈബിൾ അതിന്റെ പുരാതനത്വത്തിലെത്തി നിൽക്കുന്നു! വീണ്ടും വീണ്ടും, ഭൂമിയിലെ അറിയപ്പെട്ട ശക്തമായ ഗവൺമെന്റുകൾ ഇതിനെ തുടച്ചുനീക്കാൻ ആലോചനയിട്ടിട്ടുണ്ട്. ഇത് വായിച്ചതുകൊണ്ട് മരിച്ചവരും ഇത് കൈവശം വെച്ചതുകൊണ്ട് അഗ്നിക്കിരയായവരുമുണ്ട്. ഉപദ്രവകാരികൾ ബൈബിളിലെ പേജുകൾ കണ്ടെത്താതിരിക്കാൻ ശ്രമിച്ചുവെങ്കിലും - ഇന്ന് എന്നത്തേക്കാളും ബൈബിളിന്റെ കോപ്പികൾ എഴുതപ്പെട്ട മറ്റുപുസ്തകങ്ങളെ അപേക്ഷിച്ച് ലഭ്യമാണ്!

മൂന്നാം നൂറ്റാണ്ടിന്റെ അവസാനത്തിൽ, ഡയോക്ലേഷ്യൻ എന്ന ചക്രവർത്തി ബൈബിളിന്റെ പകർപ്പുള്ള വ്യക്തികളെ കൊല്ലുവാൻ കല്പന പുറപ്പെടുവിച്ചു. അതുപോലെ ഒരു കാരാഗൃഹപ്രമാണി യുടെ വീട്ടിലുള്ളവരുടെ - അനുസരിക്കാതിരിക്കൽ തെര്യപ്പെടു ത്താതിരുന്നതിന് മരണശിക്ഷ വിധിച്ചു. അങ്ങനെ ക്രൂരമായ റോമൻ ഭരണാധിപത്യം ഈ എഴുത്തുകൾ നശിപ്പിക്കാൻ ശ്രമിച്ചതുകൊണ്ട് അവന്റെ ജീവിതം തന്നെ ദുരിതപൂർണ്ണമായ അന്ത്യമായി. രണ്ടു വർഷശേഷം ഡയോക്ലേഷ്യൻ പറഞ്ഞു, "ക്രിസ്തീയ എഴുത്തു കളെല്ലാം പൂർണ്ണമായും നിഷ്കാസനം ചെയ്യിച്ചു."

ഒരു നൂറ്റാണ്ടിന് ശേഷം, മറ്റൊരു റോമൻ ചക്രവർത്തിയായ, കോൺസ്റ്റൻറൈൻ, ക്രിസ്ത്യാനിത്വത്തിൽ ആകർഷിക്കപ്പെടുകയും പുതിയ നിയമകോപ്പികൾ തന്റെ സാമ്രാജ്യത്തിലെ പള്ളികളി ലെല്ലാം അച്ചടിക്കുവാനും കല്പിച്ചു. ദൈവവചനത്തിന്റെ കോപ്പി ആരെങ്കിലും കണ്ടെത്തി തന്റെ ഉദ്യോഗസ്ഥരെ ഏല്പ്പിച്ചാൽ അവർക്ക് തക്കതായ പ്രതിഫലം അദ്ദേഹം വാഗ്ദാനം നല്കുകയും ചെയ്തു. ഇരുപത്തിനാല് മണിക്കൂറിനുള്ളിൽ, തിരുവെഴുത്ത് കൃതി കളുടെ അൻപത് കോപ്പികൾ ചക്രവർത്തിക്ക് ലഭിച്ചു - ഡയോ ക്ലേഷ്യന്റെ വിചാരം അവൻ എല്ലാം നശിപ്പിച്ചുവെന്നായിരുന്നു!

മങ്ങിപ്പോകുന്ന മഷികൊണ്ട് നശ്വരമായ വസ്തുക്കളിൽ എഴു തപ്പെട്ടെങ്കിലും - കാലങ്ങളെ, പ്രകൃതിശക്തികളേയും, നശീകര ണമനുഷ്യരേയും അതിജീവിച്ച് - ബൈബിൾ നമ്മുടെ നൂറ്റാണ്ടോ ളം നിലനിന്നു. ഇതിന്റെ ദീർഘമായ നിലനില്പ്പിനും മനോഹര ചരിത്രത്തിനും ഇടയാക്കിയത് ദൈവ കരുണ മാത്രമാണ്.

## ഇതിന്റെ ആധുനികത

ഇത് പുരാതനമായതുപോലെ, പലവിധത്തിലും ബൈബിൾ ഒരു ആധുനിക പുസ്തകമാണ്. പഴയ പുസ്തകങ്ങളിലും അവ യിലെ ഉപദേശങ്ങൾ - നവീകരിക്കാൻ നാം പ്രതീക്ഷിക്കുന്നില്ല. ഒരു പത്ത് - വർഷം - പഴക്കമുള്ള ശാസ്ത്ര പുസ്തകം പഴയതു തന്നെ. ഒരു നൂറ്റാണ്ട് പഴക്കമുള്ളത് ആകാംക്ഷ ഉളവാക്കുന്നതാണ്. 1700-ൽ അച്ചടിച്ച, *സാൽമോന്റെ ഇംബ്രിയോളജി* എന്ന പുസ്തകം ഒരു ആധുനിക ഡോക്ടർക്ക് അയച്ചുകൊടുത്താൽ അത് അയാളെ ചിരിപ്പിക്കുക തന്നെ ചെയ്യും. 1600-ലെ *ദി ഫാർമാ കോപി യാ ലോൺടെൻസിസ്* കൊടുത്താൽ അതിനേക്കാൾ വിഡ്ഡിത്ത മാകും; ആ പ്രസിദ്ധമായ പുസ്തകപ്രകാരം ഒരു ഡോക്ടർ മരുന്ന്

കൊടുത്താൽ വൈദ്യശാസ്ത്രപരിശീലനത്തെ നിയന്ത്രിക്കുന്ന ആളാണ്, അദ്ദേഹത്തെ പിടിച്ചു ജയിലിൽ അടക്കും!

ഏതാനും വർഷത്തെ വ്യത്യാസം ചിത്രീകരിക്കുവാൻ, 150 വർഷം പഴക്കമുള്ള സസ്യശാസ്ത്രത്തെക്കുറിച്ചുള്ള ഒരു പുസ്തകത്തിലെ പ്രസ്താവന ഇതാ:

> ഇറ്റലിയിൽ ഒരു ചെടിയുടെ ശാസ്ത്രം വളർന്നിരുന്നു ... അപൂർവ്വ ഗന്ധമുള്ള തനി വെള്ളനിറമുള്ള പൂവും അതിലുണ്ട്, ഈ അസാധാരണ ചെടിക്ക് ഇതളുകളുമുണ്ട്: പൂക്കൾ, അടിയിൽ കല്ലുകളിലേക്ക് വിരിയുന്നതും നിലനില്ക്കാൻ പ്രയാസപ്പെടുന്നതും, പത്തു ദിവസത്തിനുള്ളിൽ അത് രൂപാന്തരപ്പെട്ട് വിഷപ്പല്ലുകളുള്ള തേളുകളായി തീരുകയും, അതിന്റെ കടിയേറ്റാൽ മരിക്കുകയും ചെയ്യും.

നിങ്ങൾ പറഞ്ഞേക്കാം, "ചെടി, ഞങ്ങൾ, കഴിഞ്ഞ ഒന്നരനൂറ്റാണ്ടായി പഠിച്ചതാണ് പഴയ പുസ്തകങ്ങൾ നവീകരിക്കാൻ നിങ്ങൾ പ്രതീക്ഷിക്കണ്ട." അതാണ് പോയിന്റ്! ഉദാഹരണമായി മൊശെ, 3500 വർഷങ്ങൾക്കുമുൻപ് എഴുതി, "എന്നാൽ ആധുനിക ശാസ്ത്രത്തിനോ ജ്ഞാനത്തിനോ ഈ എഴുത്തുകളിൽ വൈപരീത്യം കണ്ടെത്താൻ കഴിയില്ല. ഈ ദൃഷ്ടാന്തങ്ങൾ മുഴുവനും എഴുതപ്പെട്ടത് ബൈബിളിലെ ശാസ്ത്രീയ മുന്നറിവ് വെച്ചുകൊണ്ടാണ്," ആധുനിക വസ്തുതകളായ പ്രപഞ്ച ശാസ്ത്ര ഘടനയും, ജ്യോതിശാസ്ത്രഘടനയും മറ്റ് ശാസ്ത്രീയമായ മേഖലകളും ബൈബിളിലെ പേജുകളിൽ കാണാം. ഇതുപോലെയുള്ള വസ്തുതകളും അടങ്ങിയിരിക്കുന്നു:

> ഭൂമി ഉരുണ്ടതാകുന്നു (യെശയ്യാവ് 40:22; സദൃശവാക്യങ്ങൾ 8:27).
> ഭൂമിയെ നാസ്തിത്വത്തിന്മേൽ നിർത്തിയിരിക്കുന്നു (ഇയ്യോബ് 26:7).
> ശൂന്യാകാശം അളക്കുവാൻ കഴിയാത്തത്ര വലുതും നക്ഷത്രങ്ങൾ എണ്ണുവാൻ പറ്റാത്തത്ര അസംഖ്യവും (ഉല്പത്തി 15:5; യിരമ്യാവ് 33:22).
> സമുദ്രങ്ങളിൽ പ്രകൃതിദത്തമായ മാർഗ്ഗങ്ങളുണ്ട് (ഇന്നും അവ ഉപയോഗിച്ചാണ് കപ്പൽ യാത്ര നടത്തുന്നത്) (സങ്കീർത്തനങ്ങൾ 8:8).

ഈ വാല്യങ്ങൾ ബൈബിൾ ശാസ്ത്രീയ പുസ്തകമെന്ന് ഊന്നി പറയുകയല്ല. മറിച്ച്, അവ ഊന്നുന്നത് ബൈബിൾ ലേഖകർ ശാസ്ത്രീയ വിഷയങ്ങളെ കൈകാര്യം ചെയ്യുമ്പോൾ, അവരുടെ കാലത്ത് മറ്റ് എഴുത്തുകാരിൽ നിന്ന് വ്യത്യസ്തമായി ശാസ്ത്രീയ വസ്തുതകളെ അവർ വൈപരീത്യമുള്ളതാക്കുന്നില്ല.

ബൈബിളിലെ കാലത്തിനതീതമായ ഗുണനിലവാര ചിത്രീകരണങ്ങളിൽ ചിലത് വൈദ്യശാസ്ത്രത്തെ സംബന്ധിച്ച് ആകർഷണീയം തന്നെ. ആധുനികവ്യക്തിയെയോ ആരോഗ്യപരിശീലനത്തെയോ അറിയാത്ത ലോകത്തിൽ ആണ് ഇത് എഴുതപ്പെട്ടത്, മൊശെയ്ക്ക് എഴുതപ്പെട്ടതായ പഴയ നിയമപ്രമാണത്തിൽ ശുദ്ധിക്കും ആരോഗ്യസംരക്ഷണത്തിനും പകർച്ചവ്യാധികളിൽ നിന്നും അകന്നു നില്ക്കുവാൻ, രോഗങ്ങളെ പ്രതിരോധിക്കുന്നതിനും വിട്ടുനില്ക്കുന്നതിനും ഉള്ള നിർദ്ദേശങ്ങൾ നിറഞ്ഞിരിക്കുന്നു.

ഉദാഹരണമായി, ഓപ്പറേഷൻ നടത്തുന്ന ഒരു ഡോക്ടർ മുഖംമൂടി ധരിക്കുന്നത് ഒരു നിലവാരമുള്ള നടപടിയാണ്. കൂടാതെ, സംശയാസ്പദമായ രോഗമുള്ള ഒരാളുടെ മുറിയിലേക്ക് അയാൾ പോകുമ്പോൾ, അയാൾ മുഖംമൂടി ധരിക്കുന്നു. എന്തുകൊണ്ട്? കാരണം രോഗാണുക്കൾ പ്രവേശിക്കുവാൻ അയാൾ ആഗ്രഹിക്കുന്നില്ല. ശാസ്ത്രജ്ഞന്മാർ രോഗാണുക്കളെ കണ്ടുപിടിക്കുന്നതിന് മൂവായിരം വർഷങ്ങൾക്കുമുൻപ്, ദൈവം മൊശെയ്ക്ക് ഈ നിർദ്ദേശങ്ങൾ കൊടുത്തു: “വടുവുള്ള കുഷ്ഠരോഗിയുടെ വസ്ത്രം, ... കീറികളയേണം അവന്റെ തല മൂടാതിരിക്കേണം അവൻ അധരം മൂടിക്കൊണ്ടിരിക്കയും, അശുദ്ധൻ, അശുദ്ധൻ, എന്ന് വിളിച്ചു പറയുകയും വേണം” (ലേവ്യാപുസ്തകം 13:45; KJV).

മറ്റൊരു വൈദ്യശാസ്ത്രനേട്ടമാണ് രക്തം മാറ്റൽ. വർഷങ്ങൾക്ക് മുൻപ്, ആളുകളെ “രക്തസ്രവം” ചെയ്യിക്കുന്നത് വൈദ്യശാസ്ത്ര പരിശീലനമായിരുന്നു; അനേകർ അക്ഷരികമായി ഇങ്ങനെ മരണമടഞ്ഞിട്ടുമുണ്ട്. ഇന്ന്, എങ്ങനെയായാലും, ശരീരത്തിന്റെ ജീവൻ രക്തത്തിലാണെന്ന് മനസ്സിലാക്കിയിരിക്കുന്നു. ഉല്പത്തി 9:4 ലെ മൊശെയുടെ പ്രസ്താവന ഇപ്പോൾ നോക്കുക: “പ്രാണനായിരിക്കുന്ന *രക്ത*ത്തോടുകൂടെ മാത്രം നിങ്ങൾ മാംസം തിന്നരുത്.” (എംഫസിസ് മൈൻ.) മറ്റൊരു വിധത്തിൽ, മൊശെ പറഞ്ഞു: മാംസത്തിന്റെ *ജീവൻ രക്ത*ത്തിലല്ലോ (ലേവ്യാപുസ്തകം 17:11-14).

ബൈബിളിലെ വൈദ്യവിവരണ കൃത്യതയെക്കുറിച്ച് പുസ്ത

കങ്ങൾ സമർപ്പിക്കപ്പെട്ടിട്ടുണ്ട്. ഇവയിൽവിസ്തൃതമായ വൈദ്യ ശാസ്ത്ര പരിശീലനവും ഉൾപ്പെടുന്നു. ഇതാ ഒരു ഉദാഹരണം:

സ്ത്രീകളിലും പുരുഷന്മാരിലും ജീവന്റെ "സന്തതി" ഉൾക്കൊള്ളുന്നു (ഉല്പത്തി 3:15; 22:18).
നിങ്ങളേയും നിങ്ങളുടെ വസ്ത്രങ്ങളേയും രോഗമുള്ള ആളുകളുമായും മൃഗങ്ങളുമായും അടുത്തിടപെട്ടശേഷം ശുദ്ധിയാക്കുന്നത് ബുദ്ധിയായിരിക്കും (സംഖ്യാപുസ്തകം 19:5–22).
സ്വതവേ ചത്ത മൃഗത്തിന്റെ മാംസം തിന്നുന്നത് അപകടമാണ് (ലേവ്യാപുസ്തകം 17:15).

ഇത് അത്ഭുതാവഹമല്ലേ? നമ്മുടെ കൈവശമുള്ള ഏറ്റവും പഴക്കമുള്ള പുസ്തകം ഇരുപത്തി - ഒന്നാം നൂറ്റാണ്ടിലെ വൈദ്യശാസ്ത്ര ആശയങ്ങളും ഉള്ളതാണ്!.

ബൈബിളിലെ ആധുനികതയെ അതിന്റെ വ്യത്യസ്തങ്ങളായ വിഷയങ്ങളെ എല്ലാം എടുത്ത് ചിത്രീകരിക്കാവുന്നതാണ്. ഈ പുസ്തകത്തിലെ ധാർമ്മിക നിലവാരത്തിനപ്പുറമായി ലോകത്തിന് പക്വതയിലെത്താൻ കഴിയുമെന്ന് ആർക്കെങ്കിലും അവകാശപ്പെടാൻ കഴിയുമോ? ഇതിലെ ഉപദേശത്തിനപ്പുറമായി ഉയർന്ന ജ്ഞാനം കണ്ടെത്താൻ ആർക്കെങ്കിലും കഴിഞ്ഞിട്ടുണ്ടോ? ഇല്ല! ആധുനിക മനുഷ്യൻ ബൈബിളിലെ ജ്ഞാനം പകരുവാൻ തുടങ്ങിയിട്ടില്ല; ഇനിയും ഒരായിരം വർഷം ലോകം തുടർന്നും ഉണ്ടായാൽ, ദൈവവചനം ഇരുപത്തി - ഒന്നാം നൂറ്റാണ്ടിലെ പോലെ തന്നെ മുപ്പത്തി - ഒന്നാം നൂറ്റാണ്ടിലും ആയിരിക്കും!.

## ഇതിന്റെ വൈവിധ്യത

ബൈബിൾ ഒരു വിഷയത്തെ കൈകാര്യം ചെയ്യുന്ന, ഒരു പുസ്തകം മാത്രമാണെങ്കിൽ ഇതുവരേയും നാം പറഞ്ഞതെല്ലാം അതിയായി വിസ്മയിപ്പിക്കുന്നവയാണ്. എങ്ങനെയായാലും, കാര്യം അങ്ങനെയല്ല.

ലോകത്തിന് പുസ്തകങ്ങളിൽ വെച്ച് ഏറ്റവും വൈവിധ്യത നിറഞ്ഞ പുസ്തകമാണ് ബൈബിൾ. ആദ്യമായി, ഇതിൽ യഥാർത്ഥത്തിൽ രണ്ട് വാല്യങ്ങളാണ് - പഴയ നിയമവും, പുതിയ നിയമവും - ഓരോന്നും നാലോ അഞ്ചോ നൂറ്റാണ്ടുകളായി വേർതി

രിച്ചിരിക്കുന്നു. രണ്ടാമതായി, ഓരോ വാല്യവും അസംഖ്യം പുസ്തകങ്ങളായി വിഭജിച്ചിരിക്കുന്നു - മുപ്പത്തി - ഒൻപത് പഴയനിയമത്തിലും ഇരുപത്തി - ഏഴ് പുസ്തകങ്ങൾ പുതിയ നിയമത്തിലുമാണ് ഉള്ളത്, അങ്ങനെ അറുപത്തി - ആറ് പുസ്തകങ്ങൾ. മൂന്നാമതായി, ഈ അറുപത്തി - ആറ് പുസ്തകങ്ങൾ നാല്പത് വ്യത്യസ്ത എഴുത്തുകാരാൽ എഴുതപ്പെട്ടു. നാലാമതായി, ഏതാണ്ട് രണ്ടായിരം വർഷങ്ങൾക്കിടയിൽ ജീവിച്ച നാല്പതിൽ - അധികം പേരാണ് പ്രവർത്തിച്ചത്! അവസാനമായി, സാഹിത്യത്തിൽ - പ്ലസ്സ് വൺ ആയി അറിയപ്പെടുന്ന - എല്ലാ വിഷയവും ഈ ലേഖകന്മാർ എഴുതി. "പ്ലസ്സ് വൺ" എന്ന വിഷയം മറ്റൊരു പുസ്തകത്തിലും ഇല്ല: സത്യമായ *പ്രവചനം.* ഇത് ദൈവത്തിന്റെ മേഖലയാണ്! നൂറുകണക്കിന് ബൈബിളിലെ പ്രവചന പ്രസ്താവനകൾ പൂർണ്ണമായും കൃത്യമായും നിറവേറി. കുറേ ഉദാഹരണങ്ങൾക്കു മാത്രമേ സ്ഥലം അനുവദിക്കുന്നുള്ളൂ:

*ദേശങ്ങളുടെ പ്രവചനം:* ദേശങ്ങളുടെ ഉയർച്ചയേയും താഴ്ച്ചയേയും വീഴ്ച്ചയേയും കുറിച്ച് അസംഖ്യം പ്രവചനങ്ങൾ നടത്തിയിട്ടുണ്ട്. ഉദാഹരണമായി, ഇസ്രായേലിന്റെ ചരിത്രം വ്യക്തമായി ആവർത്തനപുസ്തകം 28:47-68-ൽ വരച്ചുകാണിച്ചിരിക്കുന്നു. മറ്റുദേശങ്ങളെക്കുറിച്ച്, പ്രത്യേകിച്ച് അശൂര്യരേയും പ്രവചിച്ചിരുന്നു (യെശയ്യാവ് 10:12, 24, 25; 2 രാജാക്കന്മാർ 17:24; 18:13) ബാബേലിനേയും പ്രവചിച്ചിരുന്നു (യെശയ്യാവ് 13; ദാനിയേൽ 5:28).

*ആളുകളെക്കുറിച്ചുള്ള പ്രവചനം:* യോശിയാരാജാവ് ജനിക്കുന്നതിന് മുന്നൂറ് വർഷങ്ങൾക്ക് മുൻപ് അവന്റെ പ്രവൃത്തികളെക്കുറിച്ച് മുന്നറിയിച്ചിരുന്നു (1 രാജാക്കന്മാർ 13:2; 2 രാജാക്കന്മാർ 23:15, 16), അതുപോലെ പാഴ്സിയിലെ കോരശിന്റെ വാഴ്ച്ച (യെശയ്യാവ് 44:28; 45:1). യെരുശലേം പിടിക്കുവാനുള്ള സഹേരീബിന്റെ കഴിവില്ലായ്മയെക്കുറിച്ചും വിവരിച്ചിട്ടുള്ളത് വിലപ്പെട്ട സംഭവം തന്നെയാണ് (2 രാജാക്കന്മാർ 19:32-35).

*ക്രിസ്തുവിനെക്കുറിച്ചുള്ള പ്രവചനം:* പഴയനിയമത്തിലെ ഏതാണ്ട് എണ്ണൂറോളം പ്രവചനങ്ങളിൽ മുന്നൂറിലധികവും

യേശുക്രിസ്തുവിൽ കേന്ദ്രീകരിച്ചുള്ളവയാണ്. ഈ പുസ്തകത്തിലെ നാലാം അദ്ധ്യായത്തിൽ ആ പ്രവചനങ്ങൾ പലതും അവയുടെ നിറവേറലും കൊടുത്തിട്ടുണ്ട്.

ബൈബിളിലെ വൈവിധ്യത അത് ദൈവത്തിൽ നിന്നാണെന്നു തെളിയിക്കുന്നു. ഇത് പ്രത്യേകിച്ച് വാസ്തവമാണ് കാരണം ആ വൈവിധ്യതയിൽ നാം ഐക്യത കാണുന്നു. ഈ പുസ്തകത്തിലെ അഞ്ച് ഭാഗവും ജീവിതത്തിന്റേയും ആത്മീയതയുടേയും ഒരു ഭാഗവും കണ്ടില്ലെന്നു നടിക്കാവുന്നതല്ല. മനുഷ്യൻ നിലനില്ക്കുന്ന എല്ലാ പ്രപഞ്ചങ്ങളിലും തത്വത്തിലും ദൈവികമായ സഹായത്തിലും ഇത് സ്പർശിക്കത്തക്കതാണ്.

## ഇതിന്റെ ഐക്യത

ബൈബിൾ ഒരു ലേഖകനാൽ എഴുതപ്പെട്ട, ഒരുപുസ്തകമായിരുന്നെങ്കിൽ, അതിന്റെ എല്ലാ ഭാഗവും യോജിച്ചിരിക്കാൻ സ്വാഭാവികമായും ആഗ്രഹിച്ചേനെ. ഒരു വിഷയത്തെക്കുറിച്ച് നാല്പതിൽ - അധികം എഴുത്തുകാരാൽ എഴുതപ്പെട്ടതായിരുന്നുവെങ്കിൽ എല്ലാം പൂർണ്ണമായ് യോജിക്കുവാനുള്ള സാദ്ധ്യത വിരളമായിരുന്നു. അതുകൊണ്ട്, നാല്പതിൽ - അധികം പുരുഷന്മാർ അറുപത്തി - ആറ് പുസ്തകങ്ങൾ വ്യത്യസ്ത വിഷയങ്ങളിന്മേൽ എഴുതുകയും അവരുടെ വാക്കുകൾ എല്ലാം പൂർണ്ണമായി യോജിക്കുകയും, മനസ്സിനെ അമ്പരപ്പിക്കുകയും ചെയ്തു. ഒരാൾ പറഞ്ഞേക്കാം, "ഈ പ്രവൃത്തി ശ്രദ്ധേയമാക്കുവാനായി വളരെ ശ്രദ്ധിച്ച് അടുത്തിരുന്ന് ഒരുമിച്ച് പ്രവൃത്തിച്ചതാകണം!" ചരിത്രം പറയുന്നത് അവർ അങ്ങനെ ആയിരുന്നില്ല എന്നാണ്. ഈ പുരുഷന്മാരിൽ അധികവും തമ്മിൽ തമ്മിൽ ഒരിക്കലും കണ്ടിട്ടില്ല. നൂറ്റാണ്ടുകളാൽ രചിച്ചതുകൊണ്ട് ആ എഴുത്തുകളെ പുനരാവിഷ്ക്കരിക്കുന്നതിനുള്ള ഒരു സാധ്യതയുമില്ലായിരുന്നു. യോജിപ്പ് മറ്റൊരു വിധത്തിൽ വിശദീകരിക്കാം.

വസ്തുത നിഷേധിക്കാൻ സാധ്യമല്ല: തിരുവെഴുത്തിലെ എല്ലാ ലേഖനങ്ങളിലേയും എല്ലാ ഭാഗങ്ങളുമായി പൂർണ്ണമായ യോജിപ്പ് നിലനില്ക്കുന്നു. ഈ എഴുത്തുകളിൽ വിയോജിപ്പ് കണ്ടെത്താൻ മനുഷ്യർ പരിശ്രമിച്ചുവെങ്കിലും പരാജയപ്പെട്ടു ബൈബിൾ ഏകോപിപ്പിച്ച ഒരു പുസ്തകമാണ്.

ഉദാഹരണമായി, അതിന്റെ രണ്ടു മുഖ്യ ഭാഗങ്ങൾ പരിഗണി

ക്കുക: പഴയ നിയമവും പുതിയ നിയമവും. അവ രണ്ടും വെവ്വേറെ നിയമങ്ങളെ (അല്ലെങ്കിൽ ഉടമ്പടികൾ) രണ്ട് വ്യത്യസ്തരായ ജനങ്ങൾക്കായി, അവ ഒരുമിച്ച് മനോഹരമാക്കി നല്കി. ചിലർ പറഞ്ഞു, "പുതിയ നിയമം അടച്ചുവെച്ചതാണ് പഴയ നിയമം, പഴയനിയമം വെളിപ്പെടുത്തിയതാണ് പുതിയനിയമം." പഴയനിയമം *വേരും,* പുതിയനിയമം *ഫലവും* ആണ്.

ബൈബിളിലെ *ആദ്യത്തെ* പുസ്തകവും *അവസാനത്തെ* പുസ്തകവും തമ്മിലുള്ള വ്യത്യാസം നമുക്ക് ശ്രദ്ധിക്കാം:

(1) ആകാശവും ഭൂമിയും സൃഷ്ടിക്കുന്നതോടെയാണ് ഉല്പത്തി ആരംഭിക്കുന്നത്; പുതിയ ആകാശവും പുതിയഭൂമിയും സൃഷ്ടിക്കുന്നതോടെയാണ് വെളിപ്പാട് അവസാനിക്കുന്നത്.

(2) വെളിച്ചത്തിന്റെ ആവിർഭാവത്തിൽ സൂര്യന്റേയും ചന്ദ്രന്റേയും നിർമ്മാണത്തേയും ഉല്പത്തി വെളിപ്പെടുത്തുന്നു; മനുഷ്യർക്കുള്ള വീട് അവയുടെ സേവനം അവസാനിക്കുന്നതായി വെളിപ്പാട് പറയുന്നു - പുതിയ നഗരത്തിൽ (സ്വർഗ്ഗം), ദൈവവും കുഞ്ഞാടും (യേശു) വെളിച്ചമാണ്.

(3) ഉല്പത്തിയിൽ മനുഷ്യൻ സാത്താനെ കാണുകയും പരാജയം അനുഭവിക്കയും ചെയ്യുന്നു. വെളിപ്പാടിൽ, മറ്റൊരു യുദ്ധം ചെയ്യുന്ന; ഈ സമയത്ത് സാത്താൻ പരാജയപ്പെടുകയും, യേശു മൂലം മനുഷ്യൻ വിജയിക്കുകയും ചെയ്യുന്നു.

(4) ഉല്പത്തിയിൽ മനുഷ്യനെ ഏദൻ തോട്ടത്തിൽ നിന്ന് പുറത്താക്കുന്നു, അവിടെ ആയിരുന്നു പുരുഷനും സ്ത്രീയും വസിച്ചിരുന്നത്; വെളിപ്പാടിൽ, അവൻ ദൈവവുമായിട്ട് പുനസ്ഥാപിക്കപ്പെട്ടു.

(5) അവസാനം, ജീവവൃക്ഷത്തിന്റെ ഫലത്തിൽനിന്ന് തിന്നുവാനുള്ള നേട്ടം മനുഷ്യൻ എങ്ങനെ നഷ്ടപ്പെടുത്തി എന്ന് ഉല്പത്തി പറയുന്നു - പാപം അവനെ നശ്വരനാക്കി മാറ്റി. വെളിപ്പാടിൽ, പാപത്തെ നശിപ്പിച്ച്, മനുഷ്യന് ജീവവൃക്ഷത്തിന്റെ ഫലം തിന്ന് എന്നേക്കും ജീവിക്കുവാനുള്ള അവസരം തരുന്നു!

അതെ, ബൈബിളിലെ ഐക്യത അത്ഭുതാവഹം തന്നെ. നാം ആ ഐക്യതയെ നോക്കുമ്പോൾ, നമുക്ക് വിസ്മയം ഉണ്ടാവുകയും അതിന്റെ കാരണഭൂതൻ ദൈവമാണെന്ന് ഉറപ്പിക്കുകയും ചെയ്യുന്നു.

## ഇതിന്റെ വിഷയങ്ങൾ

ബൈബിളിലെ ഐക്യത സാദ്ധ്യമാകുന്നത് അതിലെ ഉള്ളടക്കങ്ങൾ ചേർത്തിരിക്കുന്നത് *ഒരു മനസ്സ്* മേൽനോട്ടം വഹിക്കുന്നുവെങ്കിൽ മാത്രം. ഒരു മാനുഷിക ലേഖകനും പതിനഞ്ചു നൂറ്റാണ്ടിലധികം ജീവിച്ചിരിക്കാൻ ഇടയില്ലാത്തതുകൊണ്ട് ഈ കാലയളവിലെ സാഹിത്യപ്രവൃത്തികൾ, ഈ പുസ്തകത്തിന്റെ കാരണഭൂതൻ ദൈവം എന്നു മാത്രമേ പറയാൻ കഴിയു. ഇതാണ് പത്രോസിന്റെ മനസ്സിൽ അവൻ, "മനുഷ്യൻ പരിശുദ്ധാത്മ നിയോഗത്താൽ സംസാരിച്ചതത്രേ" എന്നു പറഞ്ഞത് (2 പത്രോസ് 1:21).

വീണ്ടും, ഐക്യതയ്ക്കായി ഒരു ലേഖകൻ മാത്രം പോരാ, *ഒരു വിഷയവും* ആവശ്യമാണ് - അങ്ങനെ എല്ലാം യോജിപ്പിക്കുവാൻ കഴിയും. എന്താണ് പുസ്തകത്തിലെ വിഷയം? മനുഷ്യൻ അതിന് കാരണം കണ്ടെത്തുന്നുണ്ടെങ്കിലും ഇത് "മനുഷ്യന്റെ കഥ" അല്ല. അവർ ആ വിഷയത്തിന്റെ പ്രവൃത്തികളിൽ മുഖ്യധാരയിലുണ്ടെങ്കിലും ഇത് "യഹൂദന്മാരുടെ കഥ," അല്ല. പുസ്തകത്തിന്റെ വിഷയം *യേശുക്രിസ്തു - ഒരു മനുഷ്യൻ* "ഒരു മനുഷ്യന്റെ കഥ."

വരുവാനുള്ളവനെ ചുറ്റിപ്പറ്റി നന്നായി പ്രതിപാദിക്കുകയാണ് ബൈബിൾ. പഴയ നിയമ സന്ദേശം "അവൻ വരുന്നു" എന്നാണ്. സുവിശേഷ വിവരണ സന്ദേശം "അവൻ ഇവിടെ ഉണ്ട്" എന്നാണ്. പുതിയ നിയമത്തിലെ ശേഷം സന്ദേശം "അവൻ വീണ്ടും വരുന്നു" എന്നാണ്.

അതെങ്ങനെ യേശുവിനെ വെളിപ്പെടുത്തുന്നു എന്ന നിലയിൽ ബൈബിളിലെ ഓരോപുസ്തകവും താല്പര്യം ജനിപ്പിക്കുന്നതാണ്. "ഉല്പത്തിയിലെ യേശു," "പുറപ്പാടിലെ യേശു," "ലേവ്യപുസ്തകത്തിലെ യേശു," എന്നിങ്ങനെ പുസ്തകങ്ങൾ എഴുതാമായിരുന്നു. ഉദാഹരണമായി:

ഉല്പത്തി 1-ൽ യേശു, "സകലവും അവൻ മുഖാന്തരം ഉളവായി" (യോഹന്നാൻ 1:3).

ഉല്പത്തി 3-ൽ യേശു പിന്നീട് "അവൾ [സ്ത്രീയുടെ] സന്തതി" പിശാചിന്റെ തല തകർക്കും (ഉല്പത്തി 3:15; ഗലാത്യർ 3:16).

ഉല്പത്തി 4-ൽ യേശു, അവൻ ഹബേലിന്റെ യാഗത്തിന്റെ മുന്നോടിയായി (എബ്രായർ 12:24).

ഉല്പത്തി 6-ൽ യേശു പെട്ടകത്തിലെ രക്ഷ അവൻ മുഖാന്തരമുള്ള രക്ഷയുടെ നിഴലായി [അടയാളം] അങ്ങനെ വീണ്ടും നമുക്ക് തുടർന്നുകൊണ്ട് പോകാം.

ഇത്, പിന്നെ മനോഹരമായ ഐക്യതയെന്ന വിഷയം വചനത്തിൽ തരുന്നു: *യേശുക്രിസ്തു,* യേശു - വരേണ്ടിയിരുന്ന വീണ്ടെടുപ്പുകാരനായിരുന്നു, വന്ന രക്ഷകനായിരുന്നു, വീണ്ടും വരുന്ന രാജാവുമാണ് - ഈ അറുപത്തി - ആറ് പുസ്തകങ്ങളിലെ വാക്കുകൾ യോജിപ്പിച്ച് ഒന്നാക്കി തീർത്തത്.

## ഇതിന്റെ സ്വാധീനം

ഭൂമിയിലെ ലൈബ്രറികളിൽ ഉള്ള എല്ലാ എഴുത്തുകളിലും വെച്ച്, മനുഷ്യനെ ശക്തമായി സ്വാധീനിച്ചുകൊണ്ടിരിക്കുന്ന ഒന്നാണ് ബൈബിൾ. ഇത് ചരിത്രത്തിന്റെ ഒഴുക്കിനെ മാറ്റി, ചക്രവർത്തിമാരെ നിയമിച്ചോ പിടിച്ചടക്കിയവരേയും രാജാക്കന്മാരേയും പുറത്താക്കി. ഇതിന്റെ ഉപദേശങ്ങളെ അനുസരിച്ചവർക്ക് വിജയവും അനുഗ്രഹങ്ങളും നല്കി, അതിനെതിരായി പ്രവർത്തിച്ചവർക്ക് നാശവും മരണവുമായിരുന്നു ഫലം. ബൈബിളിന്റെ ശക്തികൾ വിവിധവും അനേകവും ആണ്. എന്നാൽ പ്രത്യേകിച്ച് ജീവിതങ്ങളെ മാറ്റുകയും മനുഷ്യരെ ഉയർത്തുകയും ചെയ്യുന്ന ശക്തിയാണ് നമുക്കു സിദ്ധിക്കുന്നത്.

വർഷങ്ങൾക്കു മുൻപ് ഒരുകൂട്ടം ദ്വീപുകളിൽ അപരിഷ്കൃതരായ ആളുകൾ ജീവിച്ചിരുന്നു. ജൂലിയസ് സീസറിന്റെ സൈന്യം രേഖപ്പെടുത്തിയ വെളിപ്പെടുത്തലുകളിൽ നിന്ന് അക്കാലത്തെ ആളുകൾ നഗ്നരായി യുദ്ധത്തിനുപോകയും വിജയിക്കുമ്പോൾ ശത്രുക്കളിൽ ഒരാളെ കൊന്ന് അയാളുടെ തലയോട്ടി തുരന്ന് അതിൽ രക്തം ഒഴിച്ച് കുടിക്കുകയും ചെയ്യുമായിരുന്നു. യാഗപീഠത്തിന്മേൽ, മനുഷ്യയാഗങ്ങൾ സാധാരണമായിരുന്നു പിന്നെ ചിലത് സംഭവിച്ചു. ഈ വന്യഗോത്രക്കാരോട് മിഷനറിമാർ വചനം അറിയിക്കുവാൻ ധൈര്യപ്പെട്ടു, ആ പ്രദേശത്തുള്ളവർ അംഗീകരിക്കുകയും ചെയ്തു. കുറച്ച് കഴിഞ്ഞ്, അലക്സാണ്ടർ ചക്രവർത്തിയേക്കാൾ വലിയ ഭരണനൈപുണ്യമുള്ളവരായി തീർന്നു - ആ ദ്വീപുകൾ ആയിരുന്നു ബ്രിട്ടീഷ് ദ്വീപുകൾ!.

ബൈബിൾ എവിടെയെല്ലാം പോയിട്ടുണ്ടോ, അവിടത്തെ മനുഷ്യരെല്ലാം നന്നായിട്ടുണ്ട്. ബൈബിൾ നിറയെ ജീവിതം മാറിയ ആളുകളുടെ സംഭവങ്ങൾ വിവരിക്കുന്നു. സത്യസന്ധതയില്ലാതിരുന്ന ഒരു ചുങ്കക്കാരൻ സത്യസന്ധനും ഔദാര്യശീലനുമായിത്തീർന്നു (ലൂക്കോസ് 19:1-9). ഒരു ദൂഷകനും കൊലപാതകിയും മാറി ഒരു വലിയ അപ്പൊസ്തലനായി വളർന്നു (പ്രവൃത്തികൾ 7:58; 8:1, 3; 22:4-21). മറ്റനേകം ഉദാഹരണങ്ങളും നല്കിയിട്ടുണ്ട്.

ബൈബിളിന്റെ ശക്തിയാണ് ദൈവം മറ്റുള്ളവരോട് ചെയ്തത്, നിങ്ങൾ വചനം വായിച്ച് അതിൻപ്രകാരം ജീവിക്കുന്നുവെങ്കിൽ, അവന് നിങ്ങളുടെ ജീവിതത്തിലും ചെയ്യാൻ കഴിയും. അവൻ നിങ്ങളെ തന്റെ പുത്രനായ, യേശുക്രിസ്തുവിന്റെ രൂപത്തോട് അനുരൂപപ്പെടുത്തും.

## ഇതിന്റെ ആശ്വാസം

ആശ്വാസം നല്കുന്നതിൽ മറ്റ് മനുഷ്യസേവനത്തിലെന്ന പോലെ, ബൈബിൾ പ്രത്യേകതയും സമാനത ഇല്ലാത്തതും, മുൻപുണ്ടാകാത്തതും ആണ്! കല്ലറയ്ക്കപ്പുറമുള്ള കാഴ്ച്ച നല്കുവാൻ വിശ്വാസയോഗ്യമായ മറ്റൊന്ന് ഒരിക്കലും ഉണ്ടായിട്ടില്ല, ഉണ്ടാവുകയുമില്ല. തിരുവെഴുത്തുകൾ വായനക്കാരന് നിത്യതയെക്കുറിച്ച് പ്രത്യാശയും ഉറപ്പും നല്കുകയും, അത് അവന്റെ ഹൃദയത്തിന് തന്റെ വേണ്ടപ്പെട്ട ഒരാൾ മരണം മൂലം വേർപെട്ടാലും ആശ്വാസം നൽകുന്നു.

മരണം ഒരു ശത്രുവാകുന്നു. മനുഷ്യന്റെ വിവിധ തത്വശാസ്ത്രങ്ങൾക്കും കൃതികൾക്കും ഈ വസ്തുത മാറ്റാൻ ഒരിക്കലും കഴിയുകയില്ല. ക്രിസ്ത്യാനിക്ക്, തീർച്ചയായും ആ ശത്രുവിന്റെ പരാജയം മുൻ നിർണ്ണയിക്കപ്പെട്ടിരിക്കുന്നു. ക്രിസ്തുവിന്റെ ശക്തിയാൽ മരണത്തിന്റെ ശക്തി വീണ്ടെടുക്കപ്പെട്ടതിനെ കർത്താവിന്റെ സന്നിധിയിലേക്ക് എത്തിക്കുകയാണ് ചെയ്യുന്നത്. എങ്കിൽ പോലും, അത് *ഒരു ശത്രുവായി* അവശേഷിക്കുന്നു! ഈ ശത്രു കുടിലിലും കൊട്ടാരത്തിലും ഒരുപോലെ പ്രവേശിക്കുന്നു. ഇത് ഭാര്യയിൽ നിന്ന് ഭർത്താവിനേയും ഭർത്താവിൽ നിന്ന് ഭാര്യയേയും വേർപിരിക്കുന്നു. ഇത് അമ്മയുടെ കൈകളിൽ നിന്ന് കുഞ്ഞ് വേർപിരിയുമ്പോൾ അമ്മയേയും അമ്മ വേർപിരിയുമ്പോൾ കുഞ്ഞിനേയും കരയിക്കുന്നു. ഇത് മധുരമുള്ള സന്തോഷത്തെ ഇരുട്ടുള്ള നിരാശയിലേക്ക് മാറ്റുന്നു.

വേണ്ടപ്പെട്ട ഒരാൾ മരിക്കുമ്പോൾ ആളുകൾ പറയും, “നിങ്ങളെ ആശ്വസിപ്പിക്കുവാൻ എന്തെങ്കിലും പറയൂ” ആ വാക്കുകൾ എവിടെ നിന്ന് വന്നു? സാഹിത്യത്തിൽനിന്നാണോ? കവിയിൽ നിന്നാണോ? തത്വശാസ്ത്രകാരനിൽ നിന്നാണോ? നിങ്ങളുടെ വലിയ പുസ്തകങ്ങളെല്ലാം പരിശോധിക്കുക. മരണം നിങ്ങളുടെ വീട്ടിൽ വരുമ്പോൾ നിങ്ങളെ നിത്യമായി ആശ്വസിപ്പിപ്പാനും പ്രത്യാശ നല്കുവാനും അവയ്ക്കൊന്നും കഴിയുകയില്ല. ഒരേ ഒരു ഉറവിടത്തിനു മാത്രമേ

ആശ്വസിപ്പിക്കുവാനും ശക്തി നല്കുവാനും കഴിയുകയുള്ളൂ: ബൈബിൾ. ഇതുപോലെയുള്ള വാക്കുകൾ ദൈവത്തിന്റെ പുസ്തകത്തിൽ നിങ്ങൾക്ക് വായിക്കാം:

> കൂരിരുൾ താഴ്വരയിൽക്കൂടി നടന്നാലും ഞാൻ ഒരു അനർത്ഥവും ഭയപ്പെടുകയില്ല; നീ എന്നോടുകൂടെ ഇരിക്കുന്നുവല്ലോ; നിന്റെ വടിയും കോലും എന്നെ ആശ്വസിപ്പിക്കുന്നു (സങ്കീർത്തനങ്ങൾ 23:4).

> എന്നാൽ ഇപ്പോൾ ക്രിസ്തു നിദ്രകൊണ്ടവരിൽ ആദ്യഫലമായി മരിച്ചവരുടെ ഇടയിൽ നിന്ന് ഉയിർത്തിരിക്കുന്നു.
> ... എന്നാൽ ഈ ദ്രവത്വമുള്ളതു അദ്രവത്വത്തെയും ഈ മർത്ത്യമായതു അമർത്ത്യത്വത്തെയും ധരിക്കുമ്പോൾ "മരണം നീങ്ങി ജയം വന്നിരിക്കുന്നു" എന്നു എഴുതിയ വചനം നിവൃത്തിയാകും (1 കൊരിന്ത്യർ 15:20–54).

> പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടു ഒരുമിച്ചു ആകാശത്തിൽ കർത്താവിനെ എതിരേല്പ്പാൻ മേഘങ്ങളിൽ എടുക്കപ്പെടും; ഇങ്ങനെ നാം എപ്പോഴും കർത്താവിനോടു കൂടെ ഇരിക്കും. ഈ വചനങ്ങളെക്കൊണ്ടു അന്യോന്യം ആശ്വസിപ്പിച്ചുകൊൾവിൻ (1 തെസലൊനീക്യർ 4:17, 18).

> അവൻ അവരുടെ കണ്ണിൽ നിന്നു കണ്ണുനീർ എല്ലാം തുടച്ചുകളയും. ഇനി മരണം ഉണ്ടാവുകയില്ല; ദുഃഖവും മുറവിളിയും കഷ്ടതയും ഇനി ഉണ്ടാവുകയില്ല; ഒന്നാമത്തേതു കഴിഞ്ഞു പോയി; (വെളിപ്പാട് 21:4).

യുഗങ്ങളായി ഈ വാക്കുകളും - ഇതുപോലുള്ള മറ്റുള്ളവയും ബൈബിളിൽ - കണ്ണുനീരൊപ്പുന്നതും, പ്രത്യാശ നല്കുന്നതും, അക്ഷരികമായി ദശലക്ഷക്കണക്കിന് ആളുകളെ ആശ്വസിപ്പിച്ചിട്ടുമുണ്ട്. തീർച്ചയായും, ഇത് ഒരു അത്ഭുത പുസ്തകം തന്നെയാണ്!

### ഉപസംഹാരം

ബൈബിളിലെ ഏഴ് അത്ഭുതങ്ങൾ നാം പരിഗണിക്കയുണ്ടായി: അത് പുരാതനമാണ്, എപ്പോഴും പുതിയതാണ്! അത് വൈവിധ്യമുള്ളതാണ്, എന്നാൽ തികച്ചും യോജിക്കുന്നതുമാണ് - യേശുവിൽ

കേന്ദ്രീകരിച്ച ഐക്യത! അതിന്റെ സ്വാധീനം ശക്തമാണ്, എന്നാൽ അതിന്റെ ആശ്വാസം മൃദുവുമാണ്! ബൈബിൾ ദൈവശ്വാസീയ മായ വചനമാണ്; മറ്റ് മതിയായ വിവരണങ്ങൾ വേറെ ഇല്ല.

## പഠനചോദ്യങ്ങൾ

*(അനുബന്ധങ്ങൾ 1 ലെ ഉത്തരങ്ങൾ)*

1. 2 തിമൊഥെയോസ് 3:16-ൽ പറഞ്ഞ "ദൈവശ്വാസീയം" എന്നാൽ എന്താണ് അർത്ഥം?
2. റോമൻ ചക്രവർത്തിയായിരുന്ന ഡയോക്ലെഷ്യൻ ബൈബിളും അതിലെ സന്ദേശങ്ങളും എല്ലാം തുടച്ചു നീക്കം ചെയ്യാൻ എല്ലാ ശ്രമങ്ങളും നടത്തി. അയാൾ അതിൽ വിജയിച്ചോ?
3. ബൈബിളിന്റെ വിശ്വാസ്യത ലേവ്യാപുസ്തകം 13:45 എങ്ങനെ വെളി പ്പെടുത്തുന്നു?
4. ബൈബിൾ ദൈവത്തിൽ നിന്നുള്ളതാണെന്ന് അതിനകത്തെ വ്യത്യാ സങ്ങൾ എങ്ങനെ തെളിയിക്കുന്നു?
5. ബൈബിളിന്റെ വിഷയം ഏത്?
6. ഭൂമിയിലെ എല്ലാ ലൈബ്രറികളിലുമുള്ള എഴുത്തുകളിൽ വെച്ച് ഏറ്റവും സ്വാധീനം ചെലുത്തുന്ന പുസ്തകം ഏത്?
7. ബൈബിൾ വായിക്കുന്ന ആൾക്ക് അത് എന്ത് ആശ്വാസമാണ് നല്കു ന്നത്?
8. ബൈബിൾ ദൈവവചനമാണെന്ന് തെളിയിക്കുന്ന ബൈബിളിലെ ഏഴ് അത്ഭുതങ്ങൾ എഴുതുക?